**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല**

**പ്രവചന കാലയളവ് 01.04.2023 മുതൽ 05.04.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 13/2023,(26) വെള്ളിയാഴ്ച്ച | തീയ്യതി 31/03/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 01.04.2023 | 02.04.2023 | 03.04.2023 | 04.04.2023 | 05.04.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.8 | 1 | 1.8 | 2.1 | 6 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 33 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 71 | 71 | 71 | 71 | 71 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 6 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 290 | 290 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്ന് മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് - പുഞ്ച | ചാഴി | മത്തി-ശർക്കര മിശ്രിതം 6 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക, കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. |
| വാഴ | സിഗെറ്റോക ഇലപ്പുള്ളി രോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക, ഒരു ശതമാനം ബോർഡോ മിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ച കൂടുമ്പോൾ തളിക്കുക |
| തെങ്ങ് | കൊമ്പൻ ചെല്ലി | ചെല്ലിയെ പ്രതിരോധിക്കാൻ അതിന്റെ പ്രജനനം തടയുന്നതിനായി ചാണകക്കുഴികളിലും മറ്റ് വളക്കുഴികളിലും മെറ്റാറൈസിയം 250 ഗ്രാം 750 മി.ലി. വെള്ളത്തിൽ കലക്കി ഒഴിച്ച് കൊടുക്കുക. കൂടാതെ പെരുവലത്തിൻറ്റെ ഇലകൾ ഇടുകയും ചെയ്യാം. |
| വൃക്ഷ വിളകൾ | പിങ്ക് രോഗം | വേനൽ മഴ കഴിയുന്നതോടെ ബോർഡോ മിശ്രിതം തളിക്കുക |
| മാവ് | കായീച്ച | കൊഴിഞ്ഞു വീഴുന്ന കായ്കൾ ഉടനെ പെറുക്കി നശിപ്പിക്കുക. ഒരു ഏക്കറിന് 6 ഫിറമോൺ കെണികൾ (മീതൈൽ യുജിനോൾ കെണികൾ) വീതം വെക്കുക. മരത്തിന്റെ തടത്തിനു ചുറ്റും ഇടയ്ക്കിടെ കിളച്ചു കൊടുക്കുക. |

മൃഗസംരക്ഷണം -: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ .അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്.